# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1101 28.04.2017 -ലെ മറുപടി

**കുപ്പിവെള്ളകമ്പനികളുടെ പ്രതിദിന ജല ശേഖരണ പരിധി കുറയ്ക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം ഉമ്മർ | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് കുപ്പിവെള്ള കമ്പനികളുടെ പ്രവർത്തനം ജല ലഭ്യതയിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വിശദമായി പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ; | എ) | വിശദമായ ശാസ്ത്രീയ പഠനങ്ങൾ നടത്തിയാണ് കുപ്പിവെള്ള കമ്പനികൾക്ക് സംസ്ഥാന ഭൂജല അതോറിറ്റി എൻ.ഒ.സി നൽകുന്നത്. പ്രതിദിനം ഉപയോഗിക്കാവുന്ന ജലത്തിന്റെ അളവ് നിജപ്പെടുത്തുകയും ഇത് നിരീക്ഷിക്കുന്നതിന് ഫ്ളോ മീറ്റർ ഘടിപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും ഇത് നിരീക്ഷണ വിധേയമാക്കുകയും ചെയ്യുന്നുണ്ട് |
| ബി) | ഭൂജല അതോറിറ്റിയുടെ എൻ.ഒ.സി പ്രകാരം മലപ്പുറം ജില്ലയിൽ കുപ്പിവെള്ള കമ്പനികൾക്ക് പ്രതിദിനം ഉപയോഗിക്കാവുന്ന ജലത്തിന്റെ അളവ് അൻപത്തിഏഴായിരമാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ ; | ബി) | സംസ്ഥാന ഭൂജല അതോറിറ്റി വിവിധ കമ്പനികൾക്കായി മലപ്പുറം ജില്ലയിൽ പ്രതിദിനം 52,000 ലിറ്റർ ജലം ഉപയോഗിക്കാൻ അനുവാദം നൽകിയിട്ടുണ്ട്. |
| സി) | എങ്കിൽ അനുവദനീയമായ അളവിൽ കൂടുതൽ ജലം കുപ്പിവെള്ള കമ്പനികൾ ശേഖരിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ആയത് മോണിറ്റർ ചെയ്യുന്നതിന് | സി) | മലപ്പുറം ജില്ലയിൽ M/s Oassis Minerals എന്ന കമ്പനിക്കെതിരെ ജില്ലാ കളക്ടർ മുഖാന്തിരം പരിസരവാസികളുടെ പരാതി ഭൂജലവകുപ്പിന് ലഭിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് കളക്ടർക്ക് നൽകിയിരുന്നു. ഈ |

| | | |
|---|---|---|
| | എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; ആയതിന്റെ ശാസ്ത്രീയ അടിത്തറ പരിശോധിച്ചിട്ടുണ്ടോ; | റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു കോർ കമ്മിറ്റി രൂപീകരിച്ച്, കളക്ടർ അനന്തര നടപടികൾ കൈക്കൊണ്ടുവരികയാണ്. സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നൊന്നും തന്നെ ഇത്തരം പരാതികൾ ലഭിച്ചിട്ടില്ല.<br>കുപ്പിവെള്ള കമ്പനികൾ ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് പരിശോധിക്കുന്നതിന് വാട്ടർ ഫ്ളോ മീറ്റർ സ്ഥാപിക്കണമെന്നുള്ള നിർദ്ദേശത്തോടുകൂടിയാണ് എൻ.ഒ.സി നൽകുന്നത്. വകുപ്പിലെ ഉദ്യോഗസ്ഥർ ഇത്തരം കമ്പനികളുടെ ജല ഉപഭോഗം 3 മാസത്തിലൊരിക്കൽ വിലയിരുത്താറുണ്ട്. |
| (ഡി) | രൂക്ഷമായ വേനൽ കണക്കിലെടുത്ത് മലപ്പുറം ജില്ലയിൽ കുപ്പിവെള്ള കമ്പനികളുടെ പ്രതിദിന ജല ശേഖരണ പരിധി കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | നിലവിലെ കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ കുപ്പിവെള്ള കമ്പനികളുടെ പ്രതിദിന ഭൂജല ഉപഭോഗം 75% കുറയ്ക്കണമെന്നുള്ള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂജല വകുപ്പ് കുപ്പിവെള്ള കമ്പനികൾക്ക് ഭൂജല ഉപഭോഗം കുറയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ